# പാദവാർഷിക ആത്യന്തികവിലയിരുത്തൽ 2025 - 26

## മാതൃകാചോദ്യപേപ്പർ


## ഗണിതം

ക്ലാസ് –6 സമയം: 2മണിക്കൂർ15മിനിറ്റ്

**നിർദേശങ്ങൾ**

- **ആകെ സമയത്തിന്റെ ആദ്യത്തെ 15 മിനിറ്റ് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ വായിച്ച് മനസ്സിലാക്കാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കുക.**
- **6 ചോദ്യങ്ങൾക്ക് ഉത്തരം എഴുതണം. ചോദ്യങ്ങളിലെ ഉപചോദ്യങ്ങൾക്കെല്ലാം ഉത്തരം എഴുതണം.**
- **3, 5 എന്നിവയിൽ ഓരോന്നിലും 2 ചോദ്യങ്ങൾ വീതമുണ്ട്. അതിൽ ഓരോന്നു വീതം എഴുതിയാൽ മതി.**

**1. a.** ചിത്രത്തെക്കുറിച്ചുള്ള ചില പ്രസ്താവനകളാണ് ചുവടെയുള്ളത്.




i. വൃത്തത്തിന്റെ $\frac{2}{5}$ ഭാഗമാണ് ഷെയ്ഡ് ചെയ്തിരിക്കുന്നത്.

ii. വൃത്തത്തിന്റെ $\frac{1}{3}$ ഭാഗമാണ്ഷെയ്ഡ് ചെയ്തിരിക്കുന്നത്.

iii. വൃത്തത്തിന്റെ $\frac{2}{10}$ ഭാഗമാണ് ഷെയ്ഡ് ചെയ്തിരിക്കുന്നത്.

iv. വൃത്തത്തിന്റെ $\frac{4}{10}$ ഭാഗമാണ് ഷെയ്ഡ് ചെയ്തിരിക്കുന്നത്.

മുകളിലെ പ്രസ്താവനകളെക്കുറിച്ച് ശരിയായവ താഴെകൊടുത്തിരിക്കുന്നവയിൽ ഏതാണ്?

**A.** i മാത്രം ശരിയാണ്.


**B.** i, iv എന്നിവ ശരിയാണ്.

**C.** i, ii എന്നിവ ശരിയാണ്.

**D.** iv മാത്രം ശരിയാണ്.

© State Assessment cell - SCERT Kerala

b. ചുവടെയുള്ള രൂപം തന്നിരിക്കുന്ന അളവിൽ വരയ്ക്കുക.




**2.**

a. ചുവടെ കൊടുത്തിരിക്കുന്നവയിൽ 48 ഘനസെന്റിമീറ്റർ വ്യാപ്തമുള്ള ചതുരക്കട്ടയുടെ വശങ്ങളുടെ അളവുകൾ ഏതാണ്?

**A.** 4സെമീ, 3 സെമീ, 3 സെമീ

**B.** 6 സെമീ, 4 സെമീ, 2 സെമീ

**C.** 6 സെമീ, 4 സെമീ, 3 സെമീ

**D.** 4 സെമീ, 4സെമീ, 4 സെമീ

b. ചതുരപ്പെട്ടിയുടെ ആകൃതിയിലുള്ള ഒരു അക്വേറിയത്തിന്റെ അകത്തെ നീളം 50 സെന്റിമീറ്റർ, വീതി 40 സെന്റിമീറ്റർ, ഉയരം 25 സെന്റിമീറ്റർ ആണ്. അതിൽ എത്ര ലിറ്റർ വെള്ളം കൊള്ളും?

c. അക്വേറിയത്തിൽ 20 സെന്റിമീറ്റർ ഉയരത്തിൽ വെള്ളം നിറയ്ക്കാൻ എത്ര ലിറ്റർ വെള്ളം വേണം?

**മൂന്നാമത്തെ ചോദ്യത്തിൽ രണ്ട് ചോദ്യങ്ങളുണ്ട്. (3Aയും 3Bയും). ഇവയിൽ ഒരെണ്ണത്തിന് ഉത്തരമെഴുതിയാൽ മതി.**

**3.A.**

a. ചുവടെ നല്കിയിരിക്കുന്ന പ്രസ്താവനയും കാരണവും നോക്കൂ

പ്രസ്താവന : $\frac{1}{3}$ ന്റെ 15 ഛേദമായ ഭിന്നമാണ് $\frac{5}{15}$

കാരണം : $\frac{1}{3}$ ലെ 1 നെയും 3 നെയും 5 കൊണ്ട് ഗുണിച്ചാൽ $\frac{5}{15}$ കിട്ടും

© State Assessment cell – SCERT Kerala

പ്രസ്താവനയും കാരണവും പരിശോധിച്ച് ചുവടെയുള്ളവയിൽ നിന്ന് ശരിയായത് കണ്ടെത്തുക.

**A.** പ്രസ്താവന ശരിയാണ്, കാരണം തെറ്റാണ്.

**B.** പ്രസ്താവനയും കാരണവും തെറ്റാണ്.

**C.** പ്രസ്താവന തെറ്റാണ്, കാരണം ശരിയാണ്.

**D.** പ്രസ്താവനയും കാരണവും ശരിയാണ്.

b. $\frac{1}{3}$ ന്റെയും $\frac{1}{5}$ ന്റെയും പല രൂപങ്ങളിൽ ഒരേ ഛേദമുള്ള രണ്ട് രൂപങ്ങൾ എഴുതുക.

c. 52 കിലോഗ്രാം അരി 8 പാക്കറ്റുകളിൽ ഒരേപോലെ നിറച്ചാൽ ഓരോ പാക്കറ്റിലും എത്ര കിലോഗ്രാം അരി ഉണ്ടാകും?

**അല്ലെങ്കിൽ**

**3.B.**

a. A കോളത്തിലുള്ളതിന്റെ മറ്റൊരു രൂപമാണ് B കോളത്തിലുള്ളത്

| A | B |
|---|---|
| a) $\frac{5}{6}$ | 1) $\frac{9}{12}$ |
| b) $\frac{3}{4}$ | 2) $\frac{8}{12}$ |
| c) $\frac{2}{3}$ | 3) $\frac{10}{12}$ |

ഇവ ശരിയായി യോജിപ്പിച്ചത് താഴെ കൊടുത്തവയിൽ ഏതാണ്?

**A.** a- 3, b-2, c- 1

**B.** a- 3, b-1, c- 2

**C.** a- 1, b-2, c- 3

**D.** a- 3, b-3, c- 2

b. $\frac{45}{54}, \frac{32}{72}$ എന്നിവയുടെ ലഘുരൂപം കണക്കാക്കുക.

© State Assessment cell - SCERT Kerala

c. 20 ലിറ്റർ വെളിച്ചെണ്ണ ഒരു പോലെയുള്ള 6 കുപ്പികളിൽ ഒഴിച്ചാൽ ഒരു കുപ്പിയിൽ എത്ര ലിറ്റർ വെളിച്ചെണ്ണ ഉണ്ടാകും?

**4.** 80 സെന്റിമീറ്റർ നീളവും 20 സെന്റിമീറ്റർ വീതിയും 25 സെമീ ഉയരവുമുള്ള ഒരു ചതുരപ്പാത്രത്തിൽ പകുതിഭാഗം വെള്ളമുണ്ട്. ഇതിലേക്ക് 20 സെന്റിമീറ്റർ വശമുള്ള ഒരു സമചതുരക്കട്ട താഴ്ത്തുന്നു.

a. പാത്രത്തിന്റെ ഉള്ളളവ് എത്ര?

b. സമചതുരക്കട്ടയുടെ വ്യാപ്തം എത്ര?

c. ചതുരപ്പാത്രത്തിലെ വെള്ളത്തിൽ സമചതുരക്കട്ട താഴ്ത്തിയപ്പോൾ എത്ര സെന്റിമീറ്റർ വെള്ളം ഉയർന്നു?

d. വ്യാപ്തവുമായി ബന്ധപ്പെട്ട് സീന എഴുതിയ ചില പ്രസ്താവനകൾ ചുവടെ തന്നിരിക്കുന്നു.

i. ഒരു ചതുരക്കട്ടയുടെ നീളം മാത്രം 2 മടങ്ങായാൽ വ്യാപ്തം 4 മടങ്ങായി വർദ്ധിക്കും.

ii. ഒരു ചതുരക്കട്ടയുടെ വ്യാപ്തം ഇരട്ടിക്കണമെങ്കിൽ നീളവും ഉയരവും മാറാതെ വീതി 4 മടങ്ങാകണം.

iii. ഒരു ചതുരക്കട്ടയുടെ വ്യാപ്തം 4 മടങ്ങാകണമെങ്കിൽ വീതി, നീളം, ഉയരം എന്നിവയിൽ ഏതെങ്കിലും രണ്ടെണ്ണം ഇരട്ടിക്കണം.

iv. ഒരു ചതുരക്കട്ടയുടെ നീളവും വീതിയും ഉയരവും 2 മടങ്ങാക്കിയാൽ വ്യാപ്തം 8 മടങ്ങാകും.

ഈ പ്രസ്താവനകളെക്കുറിച്ച് ചുവടെ തന്നിരിക്കുന്നവയിൽ ശരിയായതേത്?

**A.** i, iii ശരി

**B.** iii, ivശരി

**C.** ii, iii ശരി


© State Assessment cell –SCERT Kerala

**D.** i, ii ശരി

**അഞ്ചാമത്തെ ചോദ്യത്തിൽ 2 ചോദ്യങ്ങളുണ്ട് (5A യും 5B യും). ഇവയിൽ ഒരെണ്ണത്തിന് ഉത്തരമെഴുതിയാൽ മതി.**

**5. A.**

**a.**



ഈ വട്ടങ്ങളിലെ ഷെയ്ഡ് ചെയ്ത ഭാഗങ്ങൾ ചേർത്തുവച്ചാൽ കിട്ടുന്ന ഭാഗത്തെ സൂചിപ്പിക്കുന്നത് ചുവടെ കൊടുത്തിരിക്കുന്നവയിൽ ഏതാണ്?

**A.** $\frac{1}{3} + \frac{5}{12} = \frac{6}{12}$

**B.** $\frac{1}{3} + \frac{5}{12} = \frac{9}{12}$

**C.** $\frac{1}{3} + \frac{5}{12} = \frac{5}{15}$

**D.** $\frac{1}{3} + \frac{5}{12} = \frac{6}{15}$

**b.** $4\frac{1}{2}$ ലിറ്റർ വീതം ഉള്ളളവുള്ള രണ്ടു കുപ്പികളുണ്ട്. അതിൽ ഒന്നിൽ $3\frac{1}{2}$ ലിറ്റർ പാലും രണ്ടാമത്തേതിൽ $2\frac{3}{4}$ ലിറ്റർ പാലും ഉണ്ട്. ഇതിൽ ഒരു കുപ്പിയിലെ പാൽ മറ്റേ കുപ്പി നിറയുന്നതുവരെ ഒഴിച്ചു. ഇപ്പോൾ പാലിന്റെ അളവ് കുറവുള്ള കുപ്പിയിൽ എത്ര ലിറ്റർ പാലുണ്ട്?

**അല്ലെങ്കിൽ**

© State Assessment cell - SCERT Kerala

**5.B**

a. ചുവടെ കൊടുത്തിരിക്കുന്നവയിൽ 1 ന് തുല്യമല്ലാത്തത് ഏത്?

**A.** $\frac{1}{2} + \frac{1}{4} + \frac{1}{4}$

**B.** $\frac{1}{2} + \frac{1}{3} + \frac{1}{6}$


**C.** $\frac{3}{4} + \frac{1}{8} + \frac{1}{8}$

**D.** $\frac{1}{2} + \frac{1}{3} + \frac{1}{4}$


b. അഖിലിന്റെ വീട്ടിൽ പശുവിനെ വളർത്തുന്നുണ്ട്. ഒരു ദിവസം രാവിലെ $6\frac{1}{2}$ ലിറ്റർ പാലും വൈകിട്ട് $5\frac{3}{4}$ ലിറ്റർ പാലും കിട്ടി. അന്ന് രണ്ടു നേരവും കൂടി $10\frac{1}{2}$ ലിറ്റർ പാൽ സൊസൈറ്റിയിൽ കൊടുത്തു. ബാക്കി വീട്ടാവശ്യങ്ങൾക്കായി ഉപയോഗിച്ചു. വീട്ടാവശ്യങ്ങൾക്കെടുത്തത് എത്ര ലിറ്ററാണ്?

**b.** a. ചുവടെ കൊടുത്തിരിക്കുന്ന ചിത്രപാറ്റേൺ വരയ്ക്കുക. ഷെയ്ഡ് ചെയ്ത് ഭംഗിയാക്കുക.

© State Assessment cell - SCERT Kerala



b) വൃത്തത്തിലെ $\frac{1}{6}$ ഭാഗമാണ് ഷെയ്ഡ് ചെയ്തിരിക്കുന്നത്. ഷെയ്ഡ് ചെയ്ത ഭാഗത്തിന്റെ കോണളവ് ചുവടെ കൊടുത്തവയിൽ ഏതാണ്?



**A.** 360 x 6

**B.** 360 ÷ 6

**C.** 180 ÷ 6

**D.** 90 ÷ 3

© State Assessment cell – SCERT Kerala